# ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജന്മസ്ഥലം:
## ചില യാഥാർത്ഥ്യങ്ങൾ

പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിന്റെ നവോത്ഥാനത്തിന് നേതൃത്വം നൽകിയ ശ്രീ ചട്ടമ്പിസ്വാമികൾ ജനിച്ചത് തിരുവനന്തപുരത്ത് കണ്ണമ്മൂലയിലെ വഞ്ചിയൂർ വില്ലേജിൽ (സർവ്വേ 2300 17 സെന്റ് ) ഉള്ളൂർക്കോട് കുന്നുംപുറത്ത് ഭവനത്തിലായിരുന്നു. ഈ ഭൂമി സ്മാരകമാക്കി സംരക്ഷിക്കുന്നതിന് 1980 മുതൽ സർക്കാർ നടപടി തുടങ്ങിയിരുന്നു.

ഇതുമായി ബന്ധപ്പെട്ട് തുടക്കത്തിൽ തിരുവനന്തപുരം വഞ്ചിയൂർ വില്ലേജിൽപ്പെട്ട 2298, 2299, 2300 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട വസ്തുക്കൾ പൂർണ്ണമായും, 2297, 2315 എന്നിവ ഭാഗീകമായും ഉൾപ്പെടെ ആകെ 0.47 ഹെക്ടർ ഭൂമി ഏറ്റെടുക്കന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് ലാന്റ് അക്വിസിഷൻ നിയമം സെക്ഷൻ 4(1) അനുസരിച്ച് ബഹു: ജില്ലാ കളക്ടർ K4/96309/86 തീയതി 04/03/87 എന്ന നടപടിക്രമത്തിലൂടെ സ്ഥലമേറ്റെടുക്കൽ പ്രക്രിയപൂർത്തിയാകാൻ തീരുമാനിച്ചു. ടി സർവ്വേ നമ്പരുകളിൽപ്പെട്ട വസ്തുക്കളെല്ലാം ഉള്ളൂർക്കോട് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

'ഉള്ളൂർക്കോട് വീട് ' പ്രശസ്തമായ 'കുന്നുംപുറത്തു വിളാകം' എന്നറിയപ്പെട്ടിരുന്ന സ്ഥലത്ത് സ്ഥിതി ചെയ്തിരുന്നതിനാൽ കുന്നുംപുറത്തു വീടെന്നും സ്വാമികൾ ജനിച്ച സ്ഥലത്തെയും വീടിനെയും അറിയപ്പെട്ടിരുന്നു. സ്വാമികളുടെ ജന്മസ്ഥലത്തിനു ചുറ്റമുള്ള ഭവനങ്ങൾ ഉള്ളൂർക്കോട് വീട്, ചെറിയ ഉള്ളൂർക്കോട് വീട് വലിയ ഉള്ളൂർക്കോട് വീട്, കുന്നംപുറത്തു വീട്, കുന്നുംപുറത്തുവിളാകത്ത് വീട് എന്നിങ്ങനെയാണ് ഇപ്പോഴും അറിയപ്പെടുന്നത്. ആ പുണ്യപുരുഷൻ ജനിച്ചവീട് സ്ഥിതി ചെയ്തിരുന്ന സ്ഥലം സർക്കാർ റവന്യൂ രേഖകൾ പ്രകാരം തിരുവനന്തപുരം താലൂക്കിൽ കണ്ണമ്മൂല ദേശത്ത് സർവ്വേ 2300 വഞ്ചിയൂർ വില്ലേജിൽപ്പെട്ട 17 സെന്റ് സ്ഥലമാണെന്ന് ബഹു; പുരാവസ്തുവകുപ്പിനും കേരള സർക്കാരിന്റെ സാംസ്കാരിക കാര്യവകുപ്പിനും ബോധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത സ്ഥലത്തെ ചരിത്രപ്രാധാന്യമുള്ള ഒരു പുരാവസ്തുവായി സംരക്ഷിക്കണമെന്ന് ആവശ്യപ്പെടുന്ന ശ്രീ ചട്ടമ്പിസ്വാമി സ്മാരക ട്രസ്റ്റിന്റെ നിർദ്ദേശം സജീവമായി പരിഗണിച്ച് കേരള സർക്കാർ 1969 - ലെ 26 - ാം നിയമമനുസരിച്ച് നം 4741/131/94/ CAD തീയതി 09/02/95 - ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാകുന്നു.

1959 - ൽ പ്രസിദ്ധീകരിച്ച മഹർഷി ചട്ടമ്പിസ്വാമി തിരുവടികൾ എന്ന ഗ്രന്ഥത്തിൽ അദ്ധ്യായം 1 പേജ് 16 - ൽ. ഏകദേശം ഒരു ശതാബ്ദത്തിന് മുൻപ് 'മറുകിൽമഠ'ക്കാർ തിരുവനന്തപുരം നഗരിയുടെ പശ്ചിമോത്തരഭാഗത്ത് കണ്ണമ്മൂല പാലത്തിന് കിഴക്ക് കൊല്ലൂർഗ്രാമത്തിൽ ഭൂസ്വത്തുക്കളോടുകൂടിയ ഒരുപ മഠം സ്ഥാപിച്ചതായും, ആ പുതിയ ബ്രഹ്മണ ജന്മികുടുംബത്തിന്റെ പിൻഭാഗത്ത് മറുകിൽ വേണിയത്തു കുടുംബ തായ്വഴിക്കാരിൽ നിന്നും വന്നിട്ടുള്ളവർക്കായി ഉള്ളൂർക്കോട് എന്ന പേരിൽ ഒരു കുടുംബം ഉറപ്പിച്ചതായും, ഉള്ളൂർക്കോടിൽ ഉൾപ്പെടുത്തി കുന്നിൻപുറത്തുവീട് എന്നൊരു ചെറുഭവനം അവിടെ നിർമ്മിച്ചതായും രേഖപ്പെടുത്തിയിട്ട്. ഈ വീട്ടിലാണ് സ്വാമികളുടെ മാതാവ് ജീവിച്ചിരുന്നതും, സ്വാമികൾ ജനിച്ചതും.

പ്രസ്തുത ഗ്രന്ഥത്തിലെ തുടർന്ന് വരുന്ന ഭാഗം ഇങ്ങനെയാണ്. "ചട്ടമ്പിസ്വാമി തിരുവടികളുടെ ജന്മഗൃഹമായ കൊല്ലൂർ കുന്നിൻപുറത്ത് വീട് ഇപ്പോഴും നിലനിൽക്കുന്നു്. ഭിത്തികൾക്ക് മാറ്റം വരുത്തിയിട്ടുങ്കിലും ഉത്തരവും, മേൽക്കുരയും പഴയതു തന്നെ, ആ പാവനഗൃഹം നിൽക്കുന്ന ഭൂമിക്ക് 17 സെന്റ് വിസ്തൃതിയുണ്ട്. ഇപ്പോൾ ആ ഗൃഹത്തിന്റെയും ഭൂമിയുടേയും അവകാശികൾ സ്വാമിജിയുടെ കുടുംബക്കാരല്ല."

ഉള്ളൂർക്കോട് വീടുകളിൽ ഏതിലാണ് സ്വാമികൾ ജനിച്ചതെന്നതിനെക്കുറിച്ച് ചില തൽപരകക്ഷികൾ സ്വാർത്ഥ താല്പര്യങ്ങൾക്കായി അനാവശ്യമായ തർക്കങ്ങൾ ഉന്നയിച്ചു. ഇതിനെതുടർന്ന് ആർക്കിയോളജി വകുപ്പ് സാങ്കേതിക പഠനത്തിലൂടെ വഞ്ചിയൂർ വില്ലേജിൽപ്പെട്ട 17 സെന്റ് ഭൂമി ഉൾപ്പെടുന്ന സർവ്വേ 2300 - ലാണ് സ്വാമികൾ അവതാരം ചെയ്തതെന്ന് തീരുമാനിച്ചു. 0.47 ഹെക്ടർ ഏറ്റെടുക്കുന്ന ആശയം ഉപേക്ഷിച്ച് സർവ്വേ 2300 - ൽപ്പെടുന്ന 17 സെന്റ് ഭൂമി മാത്രം അക്വയർ ചെയ്യുന്നതിന് അങ്ങനെസർക്കാർ തീരുമാനമുായി. ഇതിനെതിരെ വസ്തുവിന്റെ ഉടമ ഹൈക്കോടതിയെ സമീപിച്ചു. നം13488/94 എന്ന 21/06/95 - ലെ വിധിയിലൂടെ സർവ്വേ 2300 തന്നെയാണോ സ്വാമികളുടെ ജന്മസ്ഥലമെന്ന് കണ്ടെത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്താൻ ബഹു: കേരള ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ടു. 21 - 06 - 95 - ലെ ഉത്തരവിൻപ്രകാരം GO(Rt)246/95 തീയതി 01/08/1995 എന്ന ഉത്തരവിലൂടെ സർവ്വശ്രീ ശ്രീധരമേനോൻ, എസ്സ്.ഗുപ്തൻനായർ, പുതുശ്ശേരി രാമചന്ദ്രൻ, എൻ.ജി.ഉണ്ണിത്താൻ, ഡോ.എസ്സ്.പി.തമ്പി എന്നിവരടങ്ങിയ സമിതിയെ ഇതിലേയ്ക്കായി സർക്കാർ നിയോഗിച്ചു. നിരവധി സംഘടനകളെയും, വ്യക്തികളെയും തെളിവെടുപ്പുകൾക്ക് വിധേയമാക്കി, ബന്ധപ്പെട്ട റവന്യൂ രേഖകളെല്ലാം പരിശോധിച്ച്, പ്രാമാണിക ഗ്രന്ഥങ്ങളെല്ലാം പഠിച്ച് വിലയിരുത്തിയ ശേഷം വഞ്ചിയൂർ വില്ലേജിലെ സർവ്വേ 2300 - ൽപ്പെട്ട 17 സെന്റ് ഭൂമിയിലെ ചെറുഭവനത്തിൽ തന്നെയാണ് ശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ പിറന്നുവീണതെന്ന് വിദഗ്ധസമിതി തീരുമാനിച്ചു. ഇതിനായി നിരവധി സിറ്റിംഗുകൾ നടത്തിയ കമ്മിറ്റി 27/09/95 - ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് GO(MS)MO 53/96/CAD തീയതി 08/10/96 എന്ന ഉത്തരവിലൂടെ സർവ്വേ 2300 - ൽ തന്നെയാണ് സ്വാമികൾ ജനിച്ചതെന്ന് സർക്കാർ അസനിഗ്ദ്ധമായി പ്രഖ്യാപിക്കുകയും സ്ഥലം അക്വയർ ചെയ്ത് ഏറ്റെടുക്കുന്നതിന് നടപടി ആരംഭിക്കുകയും ചെയ്തു.

താൻ താമസിക്കുന്ന ഏക ഭവനമാണ് സർക്കാർ നടപടിയിലൂടെ നഷ്ടമാകാൻ തുടങ്ങുന്നതെന്നും ആയതിനാൽ തുടർനടപടികൾ ഉണ്ടാകരുതെന്നും ആവശ്യപ്പെട്ട് പ്രസ്തുത വസ്തു ഉടമ ഹൈകോടതിയിൽ മറ്റൊരു കേസ് (OP.5621/98) ഫയൽ ചെയ്തു. ഈ കേസ് നടന്നുകൊണ്ടിരുന്നപ്പോൾ എതിർ കക്ഷിയായിരുന്ന ശ്രീ ചട്ടമ്പിസ്വാമി സ്മാരക ട്രസ്റ്റിന്റെ സെക്രട്ടറി ശ്രീ ഗോപിനാഥൻ നായർക്ക് സ്ട്രോക്ക് വന്ന് സംസാരശേഷി നഷ്ടപ്പെട്ട് കിടപ്പിലാവുകയും അദ്ദേഹത്തിന്റെ അഡ്വക്കേറ്റ് ശ്രീ. തങ്കപ്പൻ മരിച്ചു പോവുകയും ചെയ്തു. അങ്ങനെഎതിർ പാർട്ടിയില്ലാതെ കേസിൽ ഒരു വിധിയുണ്ടായി. കേസിന്റെ മെരിറ്റിലേയ്ക്ക് കടുക്കുന്നില്ലെന്ന് ആദ്യമേ പറഞ്ഞു വസ്തു ഉടമയ്ക്ക് അവർ താമസിക്കുന്ന വീട് നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകാൻ സാധ്യതയുള്ളതിനാൽ അക്കാര്യം പരിഗണിച്ച് യുക്തമായ തീരുമാനം (Appropriate Orders) സർക്കാർ പുറപ്പെടുവിക്കണമെന്നമുളള ഒരൂ നിർദ്ദേശം മാത്രമായിരുന്ന ബഹു: കോടതി പുറപ്പെടുവിച്ചത്. ഈ നിർദ്ദേശം അനുസരിച്ച് സാധാരണ Compensation കൊടുക്കുന്നതിന് പകരം Special Compensation കൊടുത്ത് സർക്കാർ ഭൂമി അക്വയർ ചെയ്യണമായിരുന്നു. എന്നാൽ വിധി ശരിയായ രീതിയിൽ നടത്തി എടുക്കാനുള്ളവർ ഇല്ലാതിരുന്ന സാഹചര്യം തന്ത്രപൂർവ്വം മുതലെടുത്ത് എതിർ കക്ഷിക്കാർ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് കൊടതിവിധിയെ ദുർവ്യാഖ്യാനം ചെയ്യിച്ച് വർഷങ്ങളായി നില നിന്നിരുന്ന സർക്കാർ വിജ്ഞാപനം ആരുമറിയാതെ റദ്ദ് ചെയ്ത് No. MO GO(R)612/2005/CAD തീയതി 30/12/2005 ആയി പുതിയ വിജ്ഞാപനമിറക്കിപ്പിച്ചു.

വീണ്ടും ഭൂവുടമ സ്ഥലം വിൽക്കുന്നതിനുള്ള ശ്രമം തുടർന്നിട്ടും ആരും തന്നെ ഇതു വാങ്ങാൻ തയ്യാറായില്ല. ഈ സാഹചര്യം മുതലെടുത്ത് ഐ.ജി.ബി.സന്ധ്യയും ഭർത്താവും ചേർന്ന് 17 സെന്റ് വരുന്ന ഈ ഭൂമി രണ്ടായി പ്രമാണം ചെയ്ത് തുച്ഛമായ വിലക്കു വാങ്ങി പിന്നീട് ജെ.സി.ബി ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ഭൂമിയുടെ പരിപാവനത തന്നെ നശിപ്പിക്കുന്ന രീതിയിൽ മണ്ണ് നിരവധി ടിപ്പർ ലോറികളിൽ കയറ്റി നീക്കം ചെയ്തു. ഈ സ്ഥലം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാതിരിക്കാനായി സ്വാമി തിരുവടികളുടെ ജന്മഗൃഹത്തിന്റെ അവശേഷിച്ചിരുന്ന അടിത്തറകല്ലുകൾപോലും ജെ.സി.ബി ഉപയോഗിച്ച് മാന്തിയെടുത്തപ്പോൾ അവശിഷ്ടങ്ങളും തെളിവുകളും ഇല്ലാതായി. ഇത്രയും ക്രൂരമായ ധാർമ്മികതയ്ക്ക് ചേരാത്ത നടപടികൾക്കെതിരെയാണ് തിരുവനന്തപുരം ക അഡീഷണൽ മുൻസിഫ് കോടതിയിൽ വ്യവഹാരം നടന്നുവരുന്നത്. ബഹു: മുൻസിഫ് കോടതി ഈ കേസ് തള്ളിയിട്ടില്ല. ചട്ടമ്പിസ്വാമികൾ ജനിച്ച ഭൂമി ഏതാണെന്ന തർക്കമല്ല ഈ കേസിലെ വിഷയം മറിച്ച് ഈ സ്ഥലം സർക്കാർ ഏറ്റെടുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതിനാൽ ഈ സ്ഥലത്ത് ഐ.ജി ശ്രീമതി സന്ധ്യ ഐ.പി.എസ്സ് കടന്നു കയറി യാതൊരു നിർമ്മാനപ്രവർത്തനവും നടത്തരുതെന്നാണ് കേസിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

കോടതി വ്യവഹാരത്തിലിരിക്കുന്ന ഒരു വിഷയത്തിൽ പ്രസ്താവനകളും പ്രസ്സ് നോട്ടുകളും ഇറക്കിയത് തന്നെ കോടതി അലക്ഷ്യമാകാവുന്നതാണ്. പ്രത്യേകിച്ചും ക്രമസമാധാനസംരക്ഷകരാകേണ്ടവർ ഇതിൽ നിന്നും ഒഴിഞ്ഞുനിൽക്കേണ്ടതായിരുന്നു. തിരുവനന്തപുരം ജില്ലയിൽ അനുദിനം ധാരാളം വസ്തുക്കൾ ക്രയവിക്രയം ചെയ്യപ്പെടുന്നുണ്ട്. അത്തരം ക്രയവിക്രയങ്ങളിലൊന്നും പൊതുജനങ്ങൾ ഇടപെടാറില്ല. എന്നാൽ ഈ വസ്തു ഇടപാടിൽ മാത്രം ഇത്രയും കടുത്ത പൊതുവികാരം ഉണ്ടായതെന്തു കൊണ്ടാണെന്ന് ബന്ധപ്പെട്ടവർ മനസ്സിരുത്തി ചിന്തിക്കേണ്ടതാണ്.

സ്വാമികളുടെ ജന്മസ്ഥലം വാസ്തവത്തിൽ വിവാദവിഷയമല്ല. അത് അധികാരവും, പണവും, സ്വാധീനവും ഉപയോഗിച്ച് കൈവശപ്പെടുത്തുന്നതിന് തർക്കവിഷയമാക്കുകയാണ്. ഈ വിവാദങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള പോംവഴിയാണ് ഈ സ്ഥലം സർക്കാർ ഏറ്റെടുക്കുകയെന്നുള്ളത്. മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്ന് ഭൂസ്വത്തവകാശം മാറ്റി ഭരണഘടനഭേദഗതി ചെയ്തിട്ടുള്ളതിനാൽ ഏത് ഭൂമിയും സർക്കാരിന് പൊതു ജനതാല്പര്യത്തിനായി അക്വയർ ചെയ്യാവുന്നതേയുള്ളൂ.

പന്മനആശ്രമ സ്ഥാപനം ജന്മസ്ഥലവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതും ചരിത്രസത്യമാണ്. 1924 മേയ് 5 - നാണ് ശ്രീ ചട്ടമ്പിസ്വാമികൾ മഹാസമാധിയായത്. മഹാസമാധിക്ക് മുകളിൽ ശ്രീ ബാലഭട്ടാരക ക്ഷേത്രം ശ്രീമാൻ കുമ്പളത്തിന്റെ നേതൃത്വത്തിൽ സ്ഥാപിച്ചു. ക്ഷേത്രനിർമ്മിതിക്കായി ശ്രീ ചട്ടമ്പി സ്വാമികൾ ജനിച്ചതും പിച്ചവച്ചു നടന്നതുമായ 17 സെന്റ് ഭൂമിയിലെ പവിത്രമായ മണ്ണ് നിരവധി കലശങ്ങളിലാക്കി ഘോഷയാത്രയോടെ പന്മനകാവിൽ കൊണ്ടു വന്ന് നിക്ഷേപിച്ചു. ഇത് കൂടാതെ പന്മനആശ്രമത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള സ്വാമിയുടെ പൂർണ്ണകായ പ്രതിമയും പ്രസ്തുത സ്ഥലത്തു നിന്നും കൊണ്ടു വന്നിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത സ്ഥലത്തു നിന്നും ദീപം ജ്വലിപ്പിച്ചു ഘോഷയാത്രയോട് കൂടി പന്മനആശ്രമത്തിലെ മഹാസമാധി പീഠത്തിൽ കൊണ്ടു വന്നിരുന്നു. തുടർന്നും ഈ ഘോഷയാത്ര മുൻ വർഷങ്ങളിൽ അനിഷ്ഠിച്ചിരുന്നു.

സർവ്വസംഗപരിത്യാഗിയായി പന്മനയിൽ വരികയും മഹാസമാധിയാകുകയും ചെയ്ത ശ്രീ. ചട്ടമ്പിസ്വാമി തിരുവടികളുടെ നിത്യ സ്മരണയ്ക്കായി മഹാസമാധി പീഠവും, ജീവകാരുണ്യാശ്രമവും മറ്റും സ്ഥാപിക്കുന്നതിനു വേണ്ടി പ്രവർത്തിച്ച നിരവധി ത്യാഗികളുടെ മഹനീയമായ മാതൃകയെ പിൻതുടർന്ന് ശ്രീമതി. ബി. സന്ധ്യ ഐ.പി.എസ്സ് ഉം, ഭർത്താവും പ്രവർത്തിക്കട്ടെയെന്നാണ് പന്മനആശ്രമത്തിന്റെയും, സ്വാമിഭക്തന്മാരുടെയും താല്പര്യം.

ശ്രീ വിദ്യാധിരാജ സേവയിൽ,

**സ്വാമി പ്രണവാനന്ദതീർത്ഥപാദർ**
മഠാധിപതി
പന്മനആശ്രമം, പന്മനപി.ഒ,
കൊല്ലം - 691583